പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1719 — 16.3.2015-ൽ മറുപടിക്ക്

## കെ.എസ്.യു.ഡി.പി പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മാത്യു.റ്റി.തോമസ്<br>" ജോസ് തെറ്റയിൽ<br>" സി.കെ.നാണു<br>ശ്രീമതി. ജമീല പ്രകാശം | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കെ.എസ്.യു.ഡി.പി പ്രോജക്ട് പ്രകാരം എന്തെല്ലാം പദ്ധതികളാണ് അടുത്ത വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) നിലവിൽ പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന തിരുവനന്തപുരം നഗരസഭയിലെ 9.37 കോടി രൂപ മുതൽമുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ പ്രവൃത്തിയും 64.86 കോടി രൂപ മുതൽമുടക്കുള്ള സിവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും കൊല്ലം നഗരസഭയിലെ 5.15 കോടി മുതൽമുടക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണവും 4.5 കോടി രൂപ മുതൽമുടക്കുള്ള ചിന്നക്കട അണ്ടർപാസ് നിർമ്മാണവും 60.36 കോടി രൂപ മുതൽമുടക്കുള്ള സിവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും കൊച്ചി നഗരസഭയിലെ 14.35 കോടി രൂപ മുതൽമുടക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണവും 13.04 കോടി രൂപ മുതൽമുടക്കുള്ള മഴവെള്ള നിർഗ്ഗമനചാലുകളുടെ നിർമ്മാണവും 165.19 കോടി രൂപ മുതൽമുടക്കുള്ള സിവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും തൃശ്ശൂർ നഗരസഭയിലെ 23.72 കോടി രൂപ മുതൽമുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണവും കോഴിക്കോട് നഗരസഭയിലെ 14.15 കോടി രൂപ മുതൽമുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണവും 63.85 കോടി രൂപ മുതൽമുടക്കുള്ള സിവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും പരമാവധി അടുത്ത വർഷം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കോഴിക്കോട് നഗരസഭയിൽ 13.5 ദശലക്ഷം യൂണിറ്റ് വാഹക ശേഷിയുള്ള ഒരു മലിനജല സംസ്ക്കരണശാലയും കരാർ നൽകി പണികൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) എത്ര കോടി രൂപയുടെ കേന്ദ്ര അനുമതി പ്രതീക്ഷിക്കുന്നുണ്ട്; | (ബി) എ.ഡി.ബി.യുടെ വായ്പാ സഹായത്തോടെ സംസ്ഥാനം നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതി എന്നതിനാൽ ഇതിനായി പ്രത്യേക കേന്ദ്ര സഹായങ്ങളൊന്നും പ്രതീക്ഷിക്കുന്നില്ല. |
| (സി) ഏതെല്ലാം നഗരസഭകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ? | (സി) 5 മുനിസിപ്പൽ കോർപ്പറേഷനുകളിലും നിലവിൽ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ